**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1176** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ പൊതുമരാമത്ത് പദ്ധതികളുടെ നിലവാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റ പണികളുമായി ബന്ധപ്പെട്ട് മഴക്കാലത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡുകളിലെ വാഹന ഗതാഗതം തടസ്സപ്പെടാതെ സുഗമമാക്കുന്നതിനും പ്രീ മൺസൂൺ പ്രവൃത്തികൾ മഴക്കാലത്തിന് മുന്നോടിയായി നടപ്പിലാക്കി വരുന്നു. Running Contract നിലവിലുള്ള റോഡുകളിൽ ടി പ്രവൃത്തികൾ Running Contract-ൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികൾ DLP നിലവിലുള്ള റോഡുകളിൽ അതാതു കരാറുകാരെക്കൊണ്ട് സ്വന്തം ചെലവിൽ ചെയ്യിക്കുകയും അല്ലാത്ത പക്ഷം റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുന്നു. റണ്ണിംങ് കോൺട്രാക്ട് മുഖേന സഞ്ചാരയോഗ്യമാക്കാൻ കഴിയാത്തത്ര ശോചനീയമായ റോഡുകളിൽ ബഡ്ജറ്റ് മുഖേന തുക അനുവദിച്ചോ, പ്രത്യേക ഫണ്ട് അനുവദിക്കുന്ന മുറയ്ക്കോ പ്രവൃത്തി ക്രമീകരിച്ചു റോഡ് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നു.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കി നിർത്തുന്നതിനായി MORTH Fund ഉപയോഗിച്ച് STMC/PBMC പദ്ധതികളിൽ ഉൾപ്പെടുത്തി അറ്റകുറ്റപണികൾ നടത്തുകയും Old NH ഉൾപ്പെടെയുള്ള റോഡുകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളും ചെയ്തുവരുന്നു.

**(ബി)** റോഡുകളുടെ ദീർഘകാല പരിപാലനം ഉറപ്പാക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് ഉൾപ്പെടെയുള്ള പുതിയ പരിപാലന സംവിധാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** റണ്ണിംങ് കോൺട്രാക്ട്, പ്രീമൺസൂൺ പ്രവൃത്തികൾ യഥാസമയം സർക്കാർ ഉത്തരവുകൾ പ്രകാരം ഇൻസ്പെക്ഷൻ ടീമിനെ നിശ്ചയിക്കുകയും സമയബന്ധിതമായി ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. നിലവിൽ അറ്റകുറ്റപ്പണികളും റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ചും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്.

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന Old NH ഉൾപ്പെടെയുള്ള റോഡുകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്

**(സി)** റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി അപകടസാധ്യതയുള്ള റോഡുകളിലും പാലങ്ങളിലും പ്രത്യേക സുരക്ഷാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ;

**<u>മറുപടി:</u>** റോഡ് സുരക്ഷാ വർദ്ധിപ്പിക്കുന്നതിനായി അപകട സാധ്യതയുള്ള റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ, അമിത വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ ഷെവറോൺ എന്നിവയും ക്രോസിംഗുകൾ, സീബ്രാ ഡിവൈഡറുകൾ, ലൈൻ മാർക്കിങ്ങുകൾ എന്നിവയും സ്ഥാപിച്ചു വരുന്നു. അപകട സാധ്യതാ മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥല ലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ മാർക്കിങ്ങുകളും, സ്റ്റഡുകളും, ഓവർടേക്കിങ് അനുവദനീയമല്ല എന്നറിയിക്കുന്ന മുന്നറിയിപ്പ് സൈൻ ബോർഡുകളും സ്ഥാപിച്ചു വരുന്നു

ആവശ്യമെങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ ബ്ലിങ്കർ ലൈറ്റുകളും അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകളും സ്ഥാപിക്കുന്നുണ്ട്.

റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും അവിടെ ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികളും KRSA ഫണ്ടുകൾ, സ്റ്റേറ്റ് plan, Non plan ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ അപകട സാധ്യതയുള്ള സ്ഥലങ്ങൾ ( ബ്ലാക്ക് സ്പോട്ട് ) റോഡ് സുരക്ഷാ വിഷയത്തിൽ വൈദഗ്ധ്യമുള്ള നാറ്റ്പാക് മുഖേന കണ്ടെത്തുകയും നിർദ്ദേശ പ്രകാരമുള്ള പരിഹാരമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ട് ലഭ്യതയും സ്ഥല ലഭ്യതയും അനുസരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നു.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിലും, അപ്രോച്ച് റോഡുകളിലും റോഡ് സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആവശ്യമായ റോഡ് മാർക്കിംഗുകൾ, ക്രാഷ് barrier-കൾ, റിഫ്ലക്ടറുകൾ, മുന്നറിയിപ്പ് ബോർഡുകൾ, കൂടാതെ urgent rectification പ്രവൃത്തികൾ, Bridge lighting മുതലായവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി (KRSA) മുഖേനയാണ് പ്രവർത്തനങ്ങൾ ഏകോപിച്ചു മുന്നോട്ടു പോകുന്നത്. തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ശാസ്ത്രീയമായി നാറ്റ്പാക് എന്ന ഏജൻസി മുഖാന്തരം കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ ( ബ്ലാക്ക് സ്പോട്ടുകൾ) പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടു കൂടി സംയുക്ത സ്ഥല പരിശോധന നടത്തി, റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച നടപ്പിലാക്കി വരുന്നു.

പൊതുനിരത്തുകൾ അപകടരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ crash barrier, studs, OHM, അത്യാവശ്യമുള്ള ഇടങ്ങളിൽ കാനകൾക്ക് മൂടി, റോഡ് അടയാളങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പ്രവൃത്തികൾ നടത്തിവരുന്നത്. നിരത്തുകൾ ജനസൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട് മതിയായ സ്ഥലങ്ങളിൽ pedestrian crossings, footpath എന്നിവ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. യഥാസമയങ്ങളിൽ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക. വെള്ളക്കെട്ട് ഒഴിവാക്കി റോഡുകൾ

കൂടുതൽ കാലം ഈടു നിൽക്കുന്നതിനായി ഓടകൾ, കാനകൾ, തുടങ്ങിയവയുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനായി മാലിന്യങ്ങൾ നീക്കം ചെയ്യുക, അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചു മാറ്റുക, വെള്ളക്കെട്ട് ഒഴിവാക്കുക, കുഴികൾ അടയ്ക്കുക തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തി റോഡ് അപകടരഹിതമാക്കുന്നതിനായി PBMC/STMC പ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിപാലിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ, പ്രധാനപ്പെട്ട EPC പ്രവർത്തികളുടെ കരാർ ഉടമ്പടികളിൽ Road Safety Audit ഉൾപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ അംഗീകൃത Road Safety Auditors മുഖേന Road Safety Audit നടത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

**(ഇ)** പൊതുമരാമത്ത് വകുപ്പിലേക്ക് പുതിയ റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** 07.01.2012 തീയതിയിലെ സ.ഉ( എം എസ് ) 5/2012/PWD, 15.01.2013 തീയതിയിലെ സ.ഉ(എം.എസ്) No.6/2013/PWD എന്നിവ പ്രകാരമാണ് അവസാനമായി തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്തു വകുപ്പ് ഏറ്റെടുത്തത്. LSGD റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കാറുണ്ട്:

1. റോഡിന് കുറഞ്ഞത് 8 മീറ്റർ ഭൂവീതി ഉണ്ടായിരിക്കണം

2. റോഡ് രണ്ടിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതായിരിക്കണം.

3.റോഡിൽ സ്ഥിരമായ ബസ് സർവീസ് ഉണ്ടായിരിക്കണം

4.പ്രധാനപ്പെട്ട രണ്ട് പൊതുമരാമത്ത് റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തടസ്സമില്ലാത്ത ഗതാഗതം ഉറപ്പാക്കുന്നതിനുള്ള എസൻഷ്യൽ ലിങ്ക് റോഡായി പ്രവർത്തിക്കുന്നതുമായിരിക്കണം പ്രസ്തുത റോഡ്. ഇത്തരത്തിലുള്ള റോഡുകൾ പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളെ ബന്ധിപ്പിക്കുന്ന എസൻഷ്യൽ ലിങ്ക് റോഡാണോ എന്ന് തീരുമാനിക്കാനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിനായിരിക്കും

നിലവിൽ പുതിയതായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ പുതിയ റോഡുകൾ ഏറ്റെടുക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. MoRTH നിർദ്ദേശ പ്രകാരമാണ് പുതിയ റോഡ് ഏറ്റെടുത്ത് ദേശീയപാതയായി ഉയർത്തുന്നത്. VISION 2047-ൽ ഉൾപ്പെടുത്തി 27 സംസ്ഥാനപാതകളെ ദേശീയപാതയായി ഉയർത്തുന്നതിനായുള്ള proposal 17/03/2025-ൽ MoRTH-ൽ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**